LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വിഭാഗക്കാരുടെ വിവിധ വായ്പകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് ഇറങ്ങിയിട്ടുള്ള ഉത്തരവുകൾ

293 (2849) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗക്കാർ വിവിധ സർക്കാർ / സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വിവിധ വായ്പകൾ എഴുതി തള്ളുന്നത് സംബന്ധിച്ച് നാളിതുവരെ ഇറങ്ങിയിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗക്കാർ എടുത്തിട്ടുള്ള വായ്പാ കുടിശ്ശികകൾ എന്നു വരെയുള്ളതാണ് എഴുതിത്തള്ളാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; വായ്പക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് പറയാമോ ;

(സി) 2013-14 വർഷത്തിൽ എത്ര തുക ഈ ഇനത്തിൽ ചെലവഴിച്ചെന്നും എത്ര പേർക്ക് ആനുകൂല്യം ലഭിച്ചെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗക്കാരുടെ വായ്പ എഴുതിത്തള്ളുന്നത് സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും പുറപ്പെടുവിച്ച ചുവടെ ചേർക്കുന്ന സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു :*

1. 12-11-2009-ലെ സ.ഉ.(അച്ചടി) 100/2009/പജപവവിവ. നമ്പർ ഉത്തരവ്

2. 28-3-2002-ലെ സ.ഉ.(സാധാ)561/2012/പജപവവിവ. നമ്പർ ഉത്തരവ്

3. 31-3-2012-ലെ സ.ഉ.(കൈ) 54/2012/പജപവവിവ. നമ്പർ ഉത്തരവ്

4. 6-7-2012-ലെ സ.ഉ.(കൈ) 101/2012/പജപവവിവ. നമ്പർ ഉത്തരവ്

5. 26-3-2013-ലെ സ.ഉ.(കൈ) 28/2013/പജപവവിവ. നമ്പർ ഉത്തരവ്

6. 10-12-2013-ലെ സ.ഉ.(അച്ചടി) 99/2012/പജപവവിവ. നമ്പർ ഉത്തരവ്

7. 6-10-2014-ലെ സ.ഉ.(കൈ) 74/2014/പജപവവിവ. നമ്പർ ഉത്തരവ്.

(ബി) സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽനിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം രൂപ വരെയുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഏകദേശം 200 കോടി രൂപയോളം ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്ന പ്രസ്തുത പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്.

(സി) 2013-14 വർഷത്തിൽ പട്ടികജാതി വിഭാഗക്കാരുടെ 50,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം 17,89,02,566 രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത 2555 പേരുടേയും വ്യവസായ വാണിജ്യ വകുപ്പിൽനിന്നും വായ്പാ എടുത്ത 256 പേരുടെയും ഖാദി ഗ്രാമവ്യവസായ ബോർഡിൽനിന്നും വായ്പ എടുത്ത 1834 പേരുടേയും വായ്പകൾ എഴുതിത്തള്ളി സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഇനത്തിൽ 12,00,00,000 രൂപ സഹകരണ സംഘങ്ങളിൽനിന്നും വായ്പ എഴുതിത്തള്ളുന്നതിനുവേണ്ടി അനുവദിച്ചതാണ്. ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം കോ-ഓപ്പറേറ്റീവ് രജിസ്ട്രാറിൽ നിന്നും ശേഖരിച്ചുനൽകുന്നതാണ്.

പട്ടികജാതി റസിഡൻഷ്യൽ സ്കൂളുകൾ

294 (2850) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര പട്ടികജാതി റസിഡൻഷ്യൽ സ്കൂളുകൾ ഉണ്ട് ; ഇതിന്റെ വാടകയിനത്തിൽ പ്രതിവർഷം എത്ര രൂപയാണ് നൽകിക്കൊണ്ടിരിക്കുന്നത് ;

(ബി) കോഴിക്കോട് ജില്ലയിൽ പട്ടികജാതി വകുപ്പിന് കീഴിൽ എത്ര ഏക്കർ ഭൂമി റസിഡൻഷ്യൽ സ്കൂളിനായി കൈവശമുണ്ട് ;

(സി) എങ്കിൽ പ്രസ്തുത സ്ഥലത്ത് സ്കൂൾ കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിന്റെകീഴിൽ കോഴിക്കോട് ജില്ലയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ഉണ്ട്. ഇതിന്റെ വാടക ഇനത്തിൽ പ്രതിവർഷം 21,00,000 രൂപ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly